

ഡോ. വന്ദനയുടെ മൃതദേഹം മെഡിക്കൽ കോളേജിൽ പൊതുദർശനത്തിന് വച്ചപ്പോൾ മന്ത്രി വി ശിവൻകുട്ടി, എ എ റഹിം എംപി എന്നിവർ ആദരാഞ്ജലി അർപ്പിക്കുന്നു



മെഡിക്കൽ കോളേജിൽ പൊതുദർശനത്തിന് വച്ചപ്പോൾ മന്ത്രി വി എൻ വാസവൻ റീത്ത് സമർപ്പിക്കുന്നു



മെഡിക്കൽ വിദ്യാർഥികൾ അന്ത്യോപചാരം അർപ്പിക്കുന്നു

■ ഡോക്ടറെ കുത്തിക്കൊലപ്പെടുത്തിയ സംഭവം

# പ്രതിഷേധത്തിൽ ആരോഗ്യമേഖല

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

ചികിത്സയ്ക്കിടെ ഡോക്ടർ കുത്തേറ്റു മരിച്ചതിന്റെ ആഘാതത്തിൽ സ്തംഭിച്ച് ആരോഗ്യമേഖല. ഡോ. വന്ദനയുടെ കൊലപാതകത്തിൽ ഡോക്ടർമാരുടെ സംഘടനകളും മെഡിക്കൽ വിദ്യാർഥികളും പ്രതിഷേധിച്ചു. സംസ്ഥാന വ്യാപക പ്രതിഷേധത്തിന് കെജിഎംഒഎ ആഹ്വാനം ചെയ്തു. അടിയന്തര ചികിത്സ ഒഴികെയുള്ള സേവനങ്ങൾ നിർത്തിവച്ചു.

ആക്രമണം നടന്ന കൊല്ലം ജില്ലയിൽ കാഷ്വാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങളും നിർത്തി. വ്യാഴാഴ്ചയും സമരം തുടരും. ആശുപത്രി സംരക്ഷണ നിയമം പരിഷ്കരിച്ചുള്ള ഓർഡിനൻസ് ഒരാഴ്ചക്കകം പുറപ്പെടുവിക്കുക, ആശുപത്രികളിലെ സുരക്ഷ വർധിപ്പിക്കുക, കൃത്യവിലോപം നടത്തിയ പൊലീസുകാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അത്യാഹിത വിഭാഗം ഒഴികെയുള്ള ഡ്യൂട്ടികളിൽനിന്ന് വിട്ടുനിൽക്കും. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതുവരെ വിഐപി ഡ്യൂട്ടി ബഹിഷ്കരിക്കാനും സംസ്ഥാന സമിതി തീരുമാനിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലേബർ റൂം, അത്യാഹിത വിഭാഗം ഒഴികെയുള്ള സർവീസുകൾ സ്തംഭിച്ചു. പിജി ഡോക്ടർമാരും പണിമുടക്കി.

ഇഎസ്ഐ ആശുപത്രികളിലും ഡോക്ടർമാർ ഒപി ബഹിഷ്കരിച്ചു.

■ ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതുവരെ വിഐപി ഡ്യൂട്ടി ബഹിഷ്കരിക്കുമെന്ന് കെജിഎംഒഎ

കെജിഎംസിടിഎയുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജുകളിലും പണിമുടക്കി. അത്യാഹിതവിഭാഗത്തെ മാത്രമാണ് ഒഴിവാക്കിയത്. ഐഎംഎയുടെ നേതൃത്വത്തിലും ഡോക്ടർമാർ പണിമുടക്കി. വ്യാഴം രാവിലെ എട്ടുവരെ അത്യാഹിത വിഭാഗത്തിൽ മാത്രമാണ് സേവനം. ഉച്ചയ്ക്കുശേഷം തുടർ സമരപരിപാടികൾ തീരുമാനിക്കും.

മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിക്ക് മുന്നിൽ മെഡിക്കൽ വിദ്യാർഥികൾ പ്രതിഷേധിച്ചു. കേരളാ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ, കേരളാ ഹൗസ് സർജൻസ് അസോസിയേഷൻ എന്നിവയും സമരത്തിൽ പങ്കാളികളായി.

## ആശുപത്രി സംരക്ഷണനിയമം കർശനമാക്കണം: കെജിഎൻഎ

**തിരുവനന്തപുരം**

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ രോഗി വനിതാ ഡോക്ടറെ കുത്തിക്കൊന്ന സംഭവത്തിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് കേരള ഗവ. നഴ്സസ് അസോസിയേഷൻ. കർശന വ്യവസ്ഥകളോടു കൂടിയ ആശുപത്രി സംരക്ഷണ നിയമം രൂപീകരിക്കാനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും കെജിഎൻഎ ആവശ്യപ്പെട്ടു.

ആരോഗ്യ പ്രവർത്തകർക്ക് ഭയരഹിതമായി ജോലിചെയ്യാനാവശ്യമായ സാഹചര്യം ഒരുക്കണം. അടുത്ത കാലത്തായി ആരോഗ്യ പ്രവർത്തകർക്കും ആശുപത്രികൾക്കുമെതിരായ അതിക്രമങ്ങൾ വർധിക്കുകയാണ്. ആശുപത്രി അതിക്രമങ്ങൾക്കെതിരെ 2012 മുതൽ നിലവിലുള്ള നിയമം പരിഷ്കരിക്കാനാവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ടെങ്കിലും അത് പൂർത്തിയായിട്ടില്ല.

വനിതാ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിലും നഴ്സുമാരടക്കമുള്ള ജീവനക്കാർ പ്രകടനങ്ങൾ നടത്തി.

## എങ്ങും പ്രതിഷേധം

**തിരുവനന്തപുരം**

കൊല്ലം കൊട്ടാരക്കര സർക്കാർ ആശുപത്രിയിൽ ഡോ. വന്ദന ദാസ് കുത്തേറ്റ് മരിക്കുകയും ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെടുകയും ചെയ്ത സംഭവത്തിൽ കേരള മെഡിക്കൽ ആൻഡ് സെയിൽസ് റെപ്രെസന്റേറ്റീവ്സ് അസോസിയേഷൻ (കെഎംഎസ്ആർഎ) പ്രതിഷേധിച്ചു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആരോഗ്യ പ്രവർത്തകർക്ക് മതിയായ സുരക്ഷാ സംവിധാനങ്ങളും സുഗമമായ തൊഴിൽ സാഹചര്യങ്ങളും ഒരുക്കണമെന്ന് കെഎംഎസ്ആർഎ ആവശ്യപ്പെട്ടു.

### കെജിഒഎ

**തിരുവനന്തപുരം**

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദന ദാസിനെ ഡ്യൂട്ടിക്കിടയിൽ കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ വിവിധ മെഡിക്കൽ കോളേജുകളിലും ജില്ലാ താലൂക്ക് ആശുപത്രികൾക്ക് മുന്നിലും പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചു.

ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷ ഉറപ്പുവരുത്താനും കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനും ഭാവിയിൽ ഇത്തരത്തിലുള്ള ആക്രമണം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു.

### എൻജിഒ യൂണിയൻ

**തിരുവനന്തപുരം**

കൊട്ടാരക്കരയിൽ യുവ ഡോക്ടർ വന്ദന ദാസിനെ കൊലപ്പെടുത്തിയ നടപടി പ്രതിഷേധാർഹമെന്ന് കേരള എൻജിഒ യൂണിയൻ. മികച്ച പൊതുജനാരോഗ്യ സംവിധാനം നിലനിൽക്കുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം ഒറ്റപ്പെട്ടതാണെങ്കിലും ഇത്തരം സംഭവങ്ങൾ ഞെട്ടലുളവാക്കുന്നതാണ്.

സമഗ്ര അന്വേഷണം നടത്തി കർശനമായ നടപടി സ്വീകരിക്കണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നിയമം ശക്തമാക്കണമെന്നും ജനറൽ സെക്രട്ടറി എം എ അജിത് കുമാർ ആവശ്യപ്പെട്ടു.



സ്പീക്കർ എ എൻ ഷംസീർ കിംസ് ആശുപത്രിയിൽ എത്തിയപ്പോൾ

## മന്ത്രി വി എൻ വാസവൻ അനുശോചിച്ചു

**തിരുവനന്തപുരം**

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആക്രമണത്തിനിരയായി കൊല്ലപ്പെട്ട ഹൗസ് സർജൻ ഡോ. വന്ദന ദാസിന്റെ കൊലപാതകം ദാരുണവും വേദനാജനകവുമാണെന്ന് മന്ത്രി വി എൻ വാസവൻ അനുശോചനസന്ദേശത്തിൽ പറഞ്ഞു.

വന്ദന ദാസിന്റെ കുടുംബത്തെ മന്ത്രി ആശുപത്രിയിൽ എത്തി ആശ്വസിപ്പിച്ചു.

## സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒരുമിച്ച് നിൽക്കണം

**കൊച്ചി**

കൊട്ടാരക്കരയിൽ യുവ ഡോക്ടർ കൊല്ലപ്പെട്ടത് അതിദാരുണമായ സംഭവമാണെന്നും ഇത്തരം ക്രൂരകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒരുമിച്ച് നിൽക്കണമെന്നും ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി കെ സനോജ്. കൊച്ചിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യപ്രവർത്തകർക്ക് നിർഭയം ജോലിയെടുക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കേണ്ടത് സാമൂഹിക ഉത്തരവാദിത്വമാണെന്നും സനോജ് പറഞ്ഞു.



ആഭരണ നിർമാണ തൊഴിലാളി ഫെഡറേഷൻ നടത്തിയ സെക്രട്ടറിയറ്റ് മാർച്ച് സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

■ മുഖ്യമന്ത്രിക്ക് നിവേദനം നൽകി

## ആഭരണ നിർമാണ തൊഴിലാളികൾ സെക്രട്ടറിയറ്റ് മാർച്ച് നടത്തി

**തിരുവനന്തപുരം**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ആഭരണ നിർമാണ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) സെക്രട്ടറിയറ്റ് മാർച്ച് നടത്തി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

തൊഴിലും കൂലിയും സംരക്ഷിക, ക്ഷേമനിധി സംരക്ഷിക്കാൻ സർക്കാർ മുൻകൈഎടുക്കുക, ആഭരണമേഖലയിൽ ഇ – വേ ബിൽ നടപ്പാക്കുക, ആഭരണ നിർമാണശാലകളിൽ തൊഴിൽ വകുപ്പ് ഉദ്യോസ്ഥർ പരിശോധന നടത്തുക, നിർമാണ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമാക്കുക, കേന്ദ്രസർക്കാരിന്റെ തൊഴിലാളി ജനവിരുദ്ധ നയങ്ങൾ തിരുത്തുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ. ഈ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി പിണറായി വിജയന് നിവേദനവും നൽകി. ഫെഡറേഷൻ വൈസ് പ്രസിഡന്റ് കെ മനോഹരൻ അധ്യക്ഷനായി. വി പി സോമസുന്ദരൻ, കെ ബി സുകുമാരൻ, കെ എം ഗണേശൻ, കെ ജയരാജൻ, സി സേതുമാധവൻ, പി ബി സുരേന്ദ്രൻ, വി ശങ്കർ എന്നിവർ സംസാരിച്ചു.

■ ഗൗരിയമ്മയുടെ ഓർമയ്ക്ക് രണ്ടുവയസ്സ്

# തീക്ഷ്ണപോരാട്ടങ്ങളുടെ അമ്മ

**ലെനി ജോസഫ്**

**ആലപ്പുഴ**

കളത്തിൽപറമ്പിൽ കെ എ രാമന്റെയും പാർവതിയമ്മയുടെയും മകൾ കെ ആർ ഗൗരി, ജനകോടികളുടെ ഗൗരിയമ്മ. തൊഴിലാളിവർഗത്തിനൊപ്പം നിന്ന് കേരളത്തെ പുതുക്കിപ്പണിത ഗൗരിയമ്മയെക്കാൾ മലയാളിയെ സ്വാധീനിച്ച മറ്റൊരു വനിതയില്ല. ജീവിതം തന്നെ ഇതിഹാസമാക്കിയ ഗൗരിയമ്മയുടെ വേർപാടിന് വ്യാഴാഴ്ച രണ്ടുവർഷം തികയുന്നു.

സമ്പന്നതയിൽ ജനിച്ചിട്ടും അനീതികൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ പോരാട്ടത്തിന്റെ പന്ഥാവ് വെട്ടിത്തുറന്ന് പാവങ്ങളുടെ പക്ഷം ചേരുകയുമായിരുന്നു ഗൗരിയമ്മ. സഖാക്കളുടെ സഖാവായ പി കൃഷ്ണപിള്ളയിൽനിന്നു പാർട്ടി അംഗത്വം സ്വീകരിച്ച്, പാർട്ടിയിലെ ആദ്യപഥികർക്കൊപ്പം പ്രവർത്തിച്ച ഗൗരിയമ്മ ദേശീയസ്വാതന്ത്ര്യസമരത്തിലും ദിവാൻ സി പി രാമസ്വാമി അയ്യരുടെ കിരാതവാഴ്ചയ്ക്കെതിരെയുമുള്ള പോരാട്ടങ്ങളിലും പങ്കെടുത്തു.

1919 ജൂലൈ 14 നായിരുന്നു ഗൗരിയമ്മയുടെ ജനനം. ആദ്യ തെരഞ്ഞെടുപ്പിൽ ചേർത്തല ദ്വയാംഗ മണ്ഡലത്തിൽ ജനറൽ സീറ്റിൽ മത്സരിച്ചാണ് തെരഞ്ഞെടുപ്പുരംഗത്തെത്തുന്നത്. പരാജയപ്പെട്ടെങ്കിലും പിന്നീട് പലതവണ വിജയിച്ചു. 1957ൽ ഇ എം എസ് മന്ത്രിസഭയിൽ റവന്യൂമന്ത്രിയായ ഗൗരിയമ്മയ്ക്കായിരുന്നു കാർഷിക ബന്ധ നിയമം അവതരിപ്പിക്കാനുള്ള നിയോഗം. 1987ലെ ഇ കെ നായനാർ മന്ത്രിസഭയുടെ കാലത്ത് അഴിമതിനിരോധന നിയമവും വനിതാ കമീഷൻ നിയമവും അവതരിപ്പിച്ചതും ഗൗരിയമ്മ തന്നെ. 50 വർഷം നിയമസഭാംഗമായി. ആറുതവണ മന്ത്രിയായി. മികച്ച ഭരണാധികാരിയെന്ന നിലയിൽ കഴിവുതെളിയിച്ചു.

1964ൽ കമ്യൂണിസ്റ്റ് പാർടി പുന: സംഘടിപ്പിച്ചപ്പോൾ സിപിഐ എമ്മിനൊപ്പം നിന്നു. ഇടക്കാലത്ത് പാർടിയിൽനിന്ന് അകന്നു. അവസാനകാലത്ത് പാർട്ടിക്കൊപ്പമായിരുന്നു ഗൗരിയമ്മയുടെ മനസ്സ്. 2016ൽ വീണ്ടും മുഖ്യമന്ത്രിയായി ചുമതലയേൽക്കും മുമ്പ് ഗൗരിയമ്മയെ പിണറായി സന്ദർശിച്ചിരുന്നു. അന്ന് അദ്ദേഹത്തിന്റെ പിറന്നാളാണെന്നു മനസ്സിലാക്കിയ ഗൗരിയമ്മ കേക്ക് മുറിച്ചാണ് അദ്ദേഹത്തെ സ്വീകരിച്ചത്.



സിപിഐ എമ്മിലേക്കു തിരികെ വരണമെന്ന അന്ത്യാഭിലാഷം സഫലമാകാതെയാണ് കെ ആർ ഗൗരിയമ്മ 2021 മെയ് 11ന് വിടപറഞ്ഞത്. 2015 ആഗസ്ത് 19ന് പി കൃഷ്ണപിള്ളദിനത്തിൽ പാർട്ടിയിലേക്കു തിരിച്ചുവരാൻ അവർ തീരുമാനമെടുത്തതാണ്. എന്നാൽ ഗൗരിയമ്മയുടെ പാർട്ടിയിൽ ഉടലെടുത്ത ചില തർക്കങ്ങൾ വിലങ്ങുതടിയായി. എങ്കിലും തന്റെ മൃതദേഹം ആലപ്പുഴ വലിയചുടുകാട്ടിൽ സംസ്കരിക്കണമെന്നും ചെങ്കൊടി പുതപ്പിക്കണമെന്നും സിപിഐ എം ജില്ലാ സെക്രട്ടറിയോട് ഗൗരിയമ്മ പറഞ്ഞിരുന്നു. അതുപോലെ വീരോചിയ യാത്രയാണ് ഗൗരിയമ്മയ്ക്ക് നാട് നൽകിയത്. കേരളത്തിന്റെ മനസ്സിൽ ജ്വലിക്കുന്ന ഓർമകളായി, അധ്വാനിക്കുന്നവർക്ക് കരുത്തായി, പൊരുതുന്ന സ്ത്രീത്വത്തിന് മാതൃകയായി ഗൗരിയമ്മയുണ്ട്.

## കുട്ടികൾക്ക് സീറ്റ്ബെൽറ്റ് നിർബന്ധം: ബാലാവകാശ കമീഷൻ

**തിരുവനന്തപുരം**

വാഹനങ്ങളിൽ കുട്ടികൾക്കും നിർബന്ധമായി സീറ്റ് ബെൽറ്റ് ഉപയോഗിക്കണമെന്ന് ബാലാവകാശ കമീഷൻ. കുട്ടികളുമായി യാത്ര ചെയ്യുന്നവർ വാഹനങ്ങളിൽ ചൈൽഡ് ഓൺ ബോർഡ് എന്ന അറിയിപ്പ് പതിപ്പിക്കുകയും 13 വയസ്സിൽ താഴെയുള്ള കുട്ടികളെ നിർബന്ധമായും പിൻസീറ്റിലിരുത്തുകയും വേണം. രണ്ടുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് ബേബി സീറ്റ് ഘടിപ്പിക്കണമെന്നും കമീഷൻ നിർദേശിച്ചു.

ഈ നിർദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ മോട്ടോർ വാഹന നിയമത്തിലും ചട്ടങ്ങളിലും ഉൾപ്പെടുത്തണം. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കണമെന്നും ട്രാൻസ്പോർട്ട് കമീഷണർക്കും സംസ്ഥാന പൊലീസ് മേധാവിക്കും കമീഷൻ നിർദേശം നൽകി. ഡ്രൈവിങ് ലൈസൻസ് എടുക്കുന്നവർക്ക് കുട്ടികളുടെ സുരക്ഷയിൽ കൃത്യമായ പരിശീലനം നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന് കമീഷൻ നിർദേശിച്ചു.

## ശബരി എക്സ്പ്രസ് 5 ദിവസം വൈകും

**തിരുവനന്തപുരം**

വ്യാഴം, വെള്ളി, ശനി, ഞായർ, ചൊവ്വ ദിവസങ്ങളിൽ വൈകിട്ട് 6.45ന് തിരുവനന്തപുരം സെൻട്രലിൽ നിന്ന് പുറപ്പെടേണ്ട തിരുവനന്തപുരം സെൻട്രൽ–സെക്കന്തരബാദ് ജങ്ഷൻ ശബരി എക്സ്പ്രസ് മൂന്നുമണിക്കൂർ 20 മിനിറ്റ് വൈകി രാത്രി 10.05ന് മാത്രമെ പുറപ്പെടൂ. പാലക്കാട് ഡിവിഷനിലെ ട്രാക്കിലെ അറ്റകുറ്റപ്പണികൾ കാരണമാണ് ട്രെയിൻ വൈകിയോടുന്നത്.



വൈദ്യുതി മേഖലയിലെ സംഘടനകളുടെ സംയുക്ത സമരസമിതി എൻസിസിഒ ഇഇഇയുടെ സമര പ്രഖ്യാപന കൺവൻഷൻ സിഐടിയു ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്യുന്നു

## ടോട്ടക്സ് രീതിയിലുള്ള സ്മാർട്ട്മീറ്റർ വ്യാപനത്തിനെതിരെ സംയുക്തപ്രക്ഷോഭം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

വൈദ്യുതി മീറ്ററുകൾ ടോട്ടക്സ് രീതിയിൽ സ്മാർട്ട് മീറ്ററുകളാക്കുന്നതിനുള്ള കെഎസ്ഇബി തീരുമാനത്തിനെതിരെ പണിമുടക്കമടക്കമുള്ള പ്രക്ഷോഭങ്ങളുയർത്താൻ നാഷണൽ കോ ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആൻഡ് എൻജിനിയേഴ്സ് (എൻസിസിഒഇഇഇ) സമര പ്രഖ്യാപന കൺവൻഷൻ തീരുമാനിച്ചു. തിരുവനന്തപുരം ബിടിആർ ഭവനിൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്തു.

വൈദ്യുതി വിതരണരംഗം സ്വകാര്യവൽക്കരിക്കുന്നതിനുള്ള കുറുക്കുവഴിയായാണ് കേന്ദ്രസർക്കാർ ടോട്ടക്സ് രീതിയിലുള്ള സ്മാർട്ട് മീറ്റർ സംസ്ഥാനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതെന്നും അതിന് വഴങ്ങേണ്ട ബാധ്യത കേരളത്തിനില്ലെന്നും അദ്ദേഹം പറഞ്ഞു.

ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ അധ്യക്ഷനായി. എൻസിസിഒഇഇ സംസ്ഥാന കൺവീനർ എസ് ഹരിലാൽ, എം പി ഗോപകുമാർ, ഡോ. എം ജി സുരേഷ് കുമാർ, ദീപ കെ രാജൻ, എസ് നുസുറ, വി ജെ കുര്യാക്കോസ്, എൻ വേണുഗോപാൽ, എസ് നൗഷാദ്, എം ജി അനന്തകൃഷ്ണൻ, കെ സി സിബു, പി എസ് നായിഡു, സി ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

15 മുതൽ 30 വരെ പ്രക്ഷോഭ സന്ദേശവും ടോട്ടക്സ് മാതൃകയുടെ പ്രശ്നങ്ങളും ചൂണ്ടിക്കാണിച്ച് മുഴുവൻ ഉപയോക്താക്കളെയും സന്ദർശിക്കാനും ജൂൺ അഞ്ച് മുതൽ 10 വരെ ജില്ലാതല പ്രക്ഷോഭ സന്ദേശ ജാഥകൾ നടത്താനും ജൂൺ 20ന് വൈദ്യുതി ഭവനിലേക്ക് 10,000 ജീവനക്കാരുടെ മാർച്ച് നടത്താനും തീരുമാനിച്ചു.

## മണിപ്പുർ: 18 മലയാളികളെക്കൂടി നാട്ടിലെത്തിച്ചു

**തിരുവനന്തപുരം**

കലാപകലുഷിതമായ മണിപ്പുരിൽ നിന്ന് വിദ്യാർഥികൾ ഉൾപ്പെടെ 18 മലയാളികളെക്കൂടി നോർക്ക റൂട്ട്സ് നാട്ടിലെത്തിച്ചു. കഴിഞ്ഞ ദിവസം രാത്രി ഇംഫാലിൽനിന്ന് ചെന്നൈ വിമാനത്താവളത്തിലെത്തിയ ഇവരെ നോർക്ക എൻആർകെ ഡെവലപ്മെന്റ് ഓഫീസർ അനു ചാക്കോയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. തിരിച്ചെത്തിയവരിൽ മൂന്നു മാസം പ്രായമുള്ള കുഞ്ഞുമുണ്ട്.

തുടർന്ന് ഇവരെ വാനിലും കാറിലുമായാണ് നാട്ടിലെത്തിച്ചത്. മൂന്നു പേർ സ്വന്തം വാഹനത്തിൽ ചെന്നൈയിൽനിന്ന് നാട്ടിലെത്തി. ഇംഫാലിൽനിന്നുള്ള വിമാനടിക്കറ്റ് ഉൾപ്പെടെയുള്ളവയുടെ ചെലവ് നോർക്ക വഹിച്ചു. മണിപ്പുരിലെ സെൻട്രൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ഇൻഫർമേഷൻ ടെക്നോളജി മണിപ്പുർ, ജവാഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്നിവിടങ്ങളിലെ പിജി വിദ്യാർഥികളാണ് തിരിച്ചെത്തിയവരിലേറെയും. 20 വിദ്യാർഥികൾകൂടി ബുധൻ രാത്രി ഇംഫാലിൽനിന്ന് ചെന്നൈയിലെത്തി.

മണിപ്പുരിലെ മലയാളികളുടെ വിവരങ്ങൾ നോർക്ക റൂട്ട്സ് ഗ്ലോബൽ കോൺടാക്ട് സെന്ററിൽ അറിയിക്കാം. ഇന്ത്യയിൽനിന്ന് 18004253939, വിദേശത്തുനിന്ന് +918802012345 (മിസ്ഡ് കോൾ സർവീസ്).

## ഷെഹബാസിനെയും മകനെയും കുറ്റവിമുക്തരാക്കി

**ഇസ്ലാമാബാദ്**

പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹബാസ് ഷെരീഫിനെയും മകൻ ഹംസയെയും കുറ്റവിമുക്തരാക്കി നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോ (എൻഎബി). കള്ളപ്പണം വെളുപ്പിച്ചു, വ്യാജ അക്കൗണ്ടുകൾ വഴി പണമിണപാട് നടത്തി എന്നീ കുറ്റങ്ങൾ ആരോപിച്ച് 2020ൽ എടുത്ത കേസിലാണ് ഇരുവരെയും കുറ്റവിമുക്തരാക്കിയത്.

■ കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ

## ദേശീയ സമ്മേളനം നാളെ തുടങ്ങും

**തിരുവനന്തപുരം**

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷന്റെ 27–ാം ദേശീയ സമ്മേളനം വെള്ളിയാഴ്ച ആരംഭിക്കും. ഒരുക്കം പൂർത്തിയായെന്ന് സ്വാഗതസംഘം ചെയർമാൻ എ എ റഹിം എംപി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ആൻഡ് വർക്കേഴ്സിന്റെ ദ്വിദിന ദേശീയ സമ്മേളനം വെള്ളി രാവിലെ 10ന് എം കൃഷ്ണൻ നഗറിൽ (നാഷണൽ ക്ലബ്) സിഐടിയു അഖിലേന്ത്യ വൈസ് പ്രസിഡന്റ് എ കെ പത്മനാഭൻ ഉദ്ഘാടനംചെയ്യും. വൈകിട്ട് 4.30ന് കെ കെ എൻ കുട്ടി നഗറിൽ (അയ്യൻകാളി ഹാൾ) 'നവലിബറൽ നയം– കേന്ദ്ര സർവീസ് പൊതുമേഖലാ രംഗത്തെ പ്രത്യാഘാതങ്ങളും പരിഹാരവും' വിഷയത്തിൽ ദേശീയ സെമിനാർ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ഡോ. ടി എം തോമസ് ഐസക് ഉദ്ഘാടനം ചെയ്യും. 200 പ്രതിനിധികൾ പങ്കെടുക്കും. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആവശ്യമായ പ്രചാരണ പ്രക്ഷോഭ പരിപാടികൾക്ക് രൂപം നൽകുന്ന സമ്മേളനം ശനിയാഴ്ച സമാപിക്കും.

വാർത്താസമ്മേളനത്തിൽ സ്വാഗതസംഘം ജനറൽ കൺവീനർ പി കെ മുരളീധരൻ, വർക്കിങ് ചെയർമാൻ വി ശ്രീകുമാർ, കോൺഫെഡറേഷൻ അഖിലേന്ത്യ അസിസ്റ്റന്റ് സെക്രട്ടറി പി വി രാജേന്ദ്രൻ, അനിൽകുമാർ പുത്തൻപുരയിൽ എന്നിവരും പങ്കെടുത്തു.

■ കേരളപ്പിറവി ദിനത്തിൽ തുടക്കമാകും

## റവന്യു ഇ-സാക്ഷരതാ പദ്ധതി സമഗ്രമായി നടപ്പാക്കും: മന്ത്രി

**തിരുവനന്തപുരം**

ജനങ്ങൾക്ക് സ്വന്തം ഡിജിറ്റൽ ഉപകരണങ്ങൾ മുഖേന റവന്യു സേവനങ്ങൾ നേരിട്ട് ലഭ്യമാകുന്നതിന് പ്രാപ്തരാക്കുംവിധം സമഗ്രമായ റവന്യു ഇ – സാക്ഷരതാ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി കെ രാജൻ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐഎൽഡിഎം) ക്യാമ്പസിൽ നിർമിച്ച ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനവും റവന്യു ഇ – സാക്ഷരതാ പദ്ധതി പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് റവന്യു ഇ –സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിക്കുമെന്ന് മന്ത്രി പറഞ്ഞു. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനായി. ജെ സുധാകരൻ, ഡോ. സജിത് ബാബു എന്നിവർ സംസാരിച്ചു. റവന്യു ഭൂമിക മാസികയുടെ ഒന്നാം വാർഷികത്തിൽ കുട്ടികൾക്കായി നടത്തിയ ചിത്ര പ്രദർശനത്തിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റും മെമന്റോയും സമ്മാനിച്ചു.

## പി എൻ പണിക്കർ കാവ്യപുരസ്കാരത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം**

ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ പി എൻ പണിക്കരുടെ സ്മരണയ്ക്കായി സാരംഗി സാംസ്കാരിക കേന്ദ്രം ഏർപ്പെടുത്തുന്ന കാവ്യപുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു.

2022 ജനുവരിമുതൽ 2023 ജനുവരിവരെ പ്രസിദ്ധീകരിച്ച കവിതാ സമാഹാരങ്ങളാണ് പരിഗണിക്കുന്നത്. ആഗസ്ത് 20ന് സാരംഗി സാഹിത്യ സമ്മേളനത്തിൽ പുരസ്കാരം നൽകും. അപേക്ഷിക്കുന്നവർ പുസ്തകത്തിന്റെ രണ്ട് കോപ്പികൾ, സ്വന്തം സാക്ഷിപത്രം സഹിതം ഡയറക്ടർ, സാരംഗി സാംസ്കാരിക കേന്ദ്രം, പ്രിയദർശിനി നഗർ, പുളികുടി, വിഴിഞ്ഞം, തിരുവനന്തപുരം എന്ന വിലാസത്തിൽ ജൂൺ 30നകം എത്തിക്കണം. ഫോൺ: 04712266990, 9497023563.

## ഇൻഷുറൻസ് ജീവനക്കാരുടെ സംസ്ഥാന സമ്മേളനം

**കൊച്ചി**

കേരളത്തിലെ പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനികളിലെ ജീവനക്കാരുടെ സംഘടനയായ കേരള സ്റ്റേറ്റ് ജനറൽ ഇൻഷുറൻസ് എംപ്ലോയീസ് യൂണിയൻ 47–ാംസംസ്ഥാന സമ്മേളനം ശനിയാഴ്ച എറണാകുളം വൈഎംസിഎ ഹാളിൽ നടക്കും. വാർഷികസമ്മേളനം ഓൾ ഇന്ത്യ ഇൻഷുറൻസ് എംപ്ലോയീസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ജി ആനന്ദ് ഉദ്ഘാടനം ചെയ്യും. സർവീസിൽനിന്ന് വിരമിച്ച സംസ്ഥാന പ്രസിഡന്റ് എൻ വി ബാബുരാജിന് സ്വീകരണം നൽകും.